## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3184 — 18.10. 2016 ൽ മറുപടിക്ക്

### ജോലിസ്ഥലത്തിനിടയിൽ അപകടം സംഭവിച്ച ജീവനക്കാരന്റെ ആനുകൂല്യങ്ങൾ

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി

ഉത്തരം

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. ചേർത്തല ഡിവിഷനിലെ എസ്.എൽ.പുരം സെക്ഷനിൽ വൈദ്യുതി ലൈനിൽ ജോലി ചെയ്യുന്നതിനിടയിൽ ഷോക്കേറ്റ് കഴിഞ്ഞ അഞ്ച് വർഷത്തോളമായി ബോധരഹിതനായി കിടക്കുന്ന ലൈൻമാൻ ശ്രീ. കൊച്ചുകുട്ടന് ശമ്പളമോ, പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. ശ്രീ. കൊച്ചുകുട്ടന് 2015 ജൂലൈ മാസം വരെ ശമ്പളവും 8,56,752/- രൂപയുടെ നഷ്ടപരിഹാരവും നൽകിയിട്ടുണ്ട്. |
| (ബി) ഇദ്ദേഹത്തിന് ഏത് തീയതി വരെ ശമ്പളം ലഭിക്കുന്നതിനും ഏതു തീയതി മുതൽ പെൻഷൻ ലഭിക്കുന്നതിനും അർഹതയുണ്ട്; (സി) പെൻഷൻ അനുവദിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; | (ബി)&(സി) ഇദ്ദേഹത്തിന് 2015 ജൂലൈ മാസം വരെ ശമ്പളം ലഭിക്കുന്നതിന് അർഹതയുണ്ട്. 17.12.2015 മുതൽ പെൻഷൻ അനുവദിക്കാൻ ബോർഡുത്തരവായിട്ടുണ്ട്. തടസ്സങ്ങളില്ല. നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പെൻഷൻ ലഭിച്ചുതുടങ്ങും. |
| (ഡി) ഇദ്ദേഹത്തിന്റെ ആശ്രിതർക്ക് കെ.എസ്.ഇ.ബി.യിൽ ജോലി ലഭിക്കാൻ അർഹതയുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) അർഹതയുണ്ട്. അപേക്ഷ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ